# കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ
## ജില്ലാഓഫീസ്, തിരുവനന്തപുരം

നമ്പർ ഡി.റ്റി.ഇ(എസ്.എസ്)(3)5308/08 തിരുവനന്തപുരം
തീയതി : 06/02/2009.

<u>വിജ്ഞാപനം</u>

*വിഷയം: പ്രിന്റർ (മെഡിക്കൽ വിദ്യാഭ്യാസം) തിരുവനന്തപുരം ജില്ല -സാദ്ധ്യതാലിസ്റ്റ്*

****

12.03.2007 ലെ ഗസറ്റ് വിജ്ഞാപനപ്രകാരം മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിൽ പ്രിന്റർ തസ്തികയിലേയ്ക്കുള്ള തെരഞ്ഞെടുപ്പിനായി 07.06.2008 ന് നടത്തിയ ഒബ്ജക്ടീവ് ടൈപ്പ് (ഒ.എം.ആർ) പരീക്ഷ (കാറ്റഗറി നമ്പർ:75/2007) യുടെ അടിസ്ഥാനത്തിൽ റാങ്കുലിസ്റ്റിൽ ഉൾപ്പെടുത്താൻ സോപാധികമായി പരിഗണിക്കപ്പെടുന്ന ഉദ്യോഗാർത്ഥികളുടെ രജിസ്റ്റർ നമ്പരുകൾ ഉൾപ്പെട്ട സാദ്ധ്യതാലിസ്റ്റ് താഴെ കൊടുക്കുന്നു. പരീക്ഷാ രജിസ്റ്റർ നമ്പരിന്റെ ക്രമത്തിൽ മാത്രമാണ് ഈ സാദ്ധ്യതാ ലിസ്റ്റിൽ നമ്പരുകൾ ഉൾപ്പെടുത്തിയിട്ടുള്ളത്. യാതൊരു കാരണവശാലും ഈ ക്രമീകരണം ഉദ്യോഗാർത്ഥിയുടെ റാങ്ക് ക്രമത്തെ സൂചിപ്പിക്കുന്നില്ല. റാങ്ക് ലിസ്റ്റ് പ്രസിദ്ധീകരിക്കുന്നതിന് മുൻപ് ലിസ്റ്റിലുള്ള ഉദ്യോഗാർത്ഥികളുടെ ജനനത്തീയതി, സമുദായം, യോഗ്യത എന്നിവ തെളിയിക്കുന്നതിനുള്ള അസ്സൽ രേഖകൾ പരിശോധനയ്ക്ക് വിധേയമാക്കുന്നതാണ്. പരീക്ഷയിൽ **65 (അറുപത്തിയഞ്ച്)** ഉം അതിൽ കൂടുതലും മാർക്ക് നേടിയ ഉദ്യോഗാർത്ഥികളെയാണ് ഈ സാദ്ധ്യതാ പട്ടികയുടെ മുഖ്യപട്ടികയിൽ ഉൾപ്പെടുത്തിയിരിക്കുന്നത്. പ്രസ്തുത 'കട്ട്ഓഫ്' മാർക്കിൽ ആവശ്യമായ ഇളവ് വരുത്തി പിന്നാക്ക വിഭാഗക്കാർക്കായുള്ള ഉപ പട്ടികകളും തയ്യാറാക്കിയിരിക്കുന്നു.

ലിസ്റ്റിൽ ഉൾപ്പെട്ടിട്ടുള്ള ഉദ്യോഗാർത്ഥികൾ പ്രമാണ പരിശോധനയ്ക്കായി അസ്സൽ പ്രമാണങ്ങളും അവയുടെ സ്വയം സാക്ഷ്യപ്പെടുത്തിയ പകർപ്പുകളുമായി സ്വന്തം ചെലവിൽ കമ്മീഷന്റെ തിരുവനന്തപുരം ഓഫീസിൽ നേരിട്ട് ഹാജരാകേണ്ടതാണ്. ആയതിനായി ഉദ്യോഗാർത്ഥികൾക്ക് വ്യക്തിഗത മെമ്മോ അയയ്ക്കുന്നതാണ്.

വികലാംഗരായ ഉദ്യോഗാർത്ഥികൾക്ക് അസ്സൽ സർട്ടിഫിക്കറ്റ് പരിശോധന, യോഗ്യതാ നിർണ്ണയത്തിനുള്ള കൂടിക്കാഴ്ച എന്നിവയുടെ സമയവും തീയതിയും സ്ഥലവും അറിയിച്ചുകൊണ്ട് മെമ്മോ പ്രത്യേകം അയയ്ക്കുന്നതാണ്.

<u>പട്ടികയിലെ രജിസ്റ്റർ നമ്പരുകൾക്ക് മുൻപായി "T" എന്ന് ചേർത്ത് വായിക്കേണ്ടതാണ്.</u>

## മുഖ്യപട്ടിക

| | | | | |
|---|---|---|---|---|
| 110036 (PH) | 110039 | 110044 | 110057 | 110092 |
| 110098 | 110106 | 110110 | 110146 | 110163 |
| 110165 | 110200 | 110237 | 110248 | 110253 |

## ഉപപട്ടികകൾ

### 1. ഈഴവ

| | | | | | |
|---|---|---|---|---|---|
| 110013 | 110020 | 110027 | 110041 | 110091 | 110138 |
| 110150 | 110202 | 110214 | 110224 | 110226 | |

### 2. പട്ടികജാതി

| | | | | | |
|---|---|---|---|---|---|
| 110017 | 110040 | 110084 | 110111 | 110142 | 110143 |

### 3. പട്ടികവർഗ്ഗം

ഇല്ല

### 4. മുസ്ലീം

| | | | | |
|---|---|---|---|---|
| 110060 | 110070 | 110073 | 110075 | 110126 |
| 110153 | 110206 | 110227 | 110229 | |

### 5. എൽ.സി

| | | |
|---|---|---|
| 110076 | 110102 | 110172 |

### 6. മറ്റു പിന്നാക്ക വിഭാഗങ്ങൾ (ഒ.ബി.സി)

| | | |
|---|---|---|
| 110026 | 110167 | 110235 |

### 7. വിശ്വകർമ്മ

110212 110242

**8.എസ്.ഐ.യു.സി/ആംഗ്ളോ ഇന്ത്യൻ**

110090 110246

**9. മറ്റു ക്രിസ്ത്യാനികൾ (ഒ.എക്സ്)**

110117

**10.ധീവര**

**ഇല്ല**

കുറിപ്പ് 1 അപേക്ഷകളുടെ സൂക്ഷ്മ പരിശോധന നടത്തിയിട്ടില്ലാത്തതിനാൽ ഈ ലിസ്റ്റിൽ രജിസ്റ്റർ നമ്പരുകൾ ഉൾപ്പെടുത്തിയിരിക്കുന്നത് തികച്ചും സോപാധികമായിട്ടാണ്. ഈ ലിസ്റ്റിൽ രജിസ്റ്റർ നമ്പർ ഉൾപ്പെട്ടിട്ടുണ്ട് എന്നതുകൊണ്ടു മാത്രം റാങ്ക്‌ലിസ്റ്റിൽ പേര് ചേർക്കപ്പെടാൻ ഉദ്യോഗാർത്ഥികൾക്ക് യാതൊരു അവകാശവും ഉണ്ടായിരിക്കുന്നതല്ല.

2 ഉദ്യോഗാർത്ഥികൾ അപേക്ഷയിൽ നൽകിയിട്ടുള്ള വിവരങ്ങളുടെ അടിസ്ഥാനത്തിലാണ് ഈ ലിസ്റ്റ് തയ്യാറാക്കിയിരിക്കുന്നത്. പിന്നീട് ഉന്നയിക്കുന്ന അവകാശങ്ങളൊന്നും യാതൊരു കാരണവശാലും സ്വീകരിക്കുന്നതല്ല.

3 അസ്സൽ സർട്ടിഫിക്കറ്റുകളുടെ പരിശോധനക്ക് നേരിട്ട് ഹാജരാകാത്ത ഉദ്യോഗാർത്ഥികളുടെ രജിസ്റ്റർ നമ്പരുകൾ ഈ ലിസ്റ്റിൽ നിന്നും മറ്റൊരറിയിപ്പ് കൂടാതെ നീക്കം ചെയ്യുന്നതാണ്.

4. സംവരണാനുകൂല്യമുള്ളവരിൽ പട്ടികജാതി / പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ടവർ അവരുടെ ജാതി തെളിയിക്കുന്ന സർട്ടിഫിക്കറ്റിന്റെ അസ്സലും സ്വയം സാക്ഷ്യപ്പെടുത്തിയ രണ്ട് പകർപ്പുകളും ഹാജരാക്കേണ്ടതാണ്.

5. പിന്നാക്ക സമുദായങ്ങളിലെ പരമ്പരാഗത തൊഴിൽ ചെയ്യുന്ന വിഭാഗത്തിൽപ്പെട്ടവരും മത്സ്യബന്ധനം ഉപജീവനമാർഗ്ഗമായ സമുദായങ്ങളിലെ ഉപജാതികളിൽപ്പെട്ടവരുമായ ഉദ്യോഗാർത്ഥികൾ അവർ പരമ്പരാഗത തൊഴിൽ ചെയ്യുന്നവരാണെന്ന് വ്യക്തമായി സൂചിപ്പിക്കുന്ന ജാതി സർട്ടിഫിക്കറ്റ് (അസ്സലും ശരിപ്പകർപ്പും) ഹാജരാക്കേണ്ടതാണ്. സംവരണാനുകൂല്യത്തിന് അർഹതയുള്ള മറ്റുള്ളവർ **GO (P) No.46/07/SC ST DD dated 25.08.07** പ്രകാരമുള്ള നോൺ ക്രീമിലെയർ സർട്ടിഫിക്കറ്റ് ഹാജരാക്കേണ്ടതാണ്.

6 വിമുക്തഭടൻമാർ, കായികതാരങ്ങൾ, എന്നീ വിഭാഗങ്ങളിൽ പ്പെട്ടവർ, അവർക്കായുള്ള പ്രത്യേക ആനുകൂല്യങ്ങൾ അപേക്ഷയിൽ

അവകാശപ്പെട്ടിട്ടുണ്ടെങ്കിൽ ആയവ തെളിയിക്കുന്നതിനുള്ള അസ്സൽ രേഖകളും പകർപ്പുകളും ഹാജരാക്കേണ്ടതാണ്. ഉദ്യോഗാർത്ഥികൾ നേരിട്ടല്ലാതെ ഹാജരാക്കുന്ന രേഖകൾ സ്വീകരിക്കുന്നതല്ല.

അസ്സൽ രേഖകളും പകർപ്പുകളും ഹാജരാക്കുന്നതിന് കൂടുതൽ സമയം അനുവദിക്കുകയോ വീണ്ടും ഒരവസരം കൂടി നൽകുകയോ ചെയ്യുന്നതല്ല. ആകയാൽ അവസരം നഷ്ടപ്പെടാതിരിയ്ക്കാൻ ഉദ്യോഗാർത്ഥികൾ ശ്രദ്ധിക്കേണ്ടതാണ്.

**ഉദ്യോഗാർത്ഥികൾ ഹാജരാക്കേണ്ട പ്രമാണങ്ങൾ**

| | | |
|---|---|---|
| 1 | ജനനത്തീയതി | എസ്.എസ്.എൽ.സി യുടെ ബന്ധപ്പെട്ട പേജ് അല്ലെങ്കിൽ തത്തുല്യമായ സർട്ടിഫിക്കറ്റ് (അസ്സലും പകർപ്പും) |
| 2 | വിദ്യാഭ്യാസ യോഗ്യത | എസ്.എസ്.എൽ.സിയുടെ ബന്ധപ്പെട്ട പേജ്/ തത്തുല്യയോഗ്യതാസർട്ടിഫിക്കറ്റ് (അസ്സലും പകർപ്പും) |

3 താഴെപ്പറയുന്നവയിൽ ഏതെങ്കിലും ഒന്ന് തെളിയിക്കുന്ന സർട്ടിഫിക്കറ്റ് (അസ്സലും പകർപ്പും)

(1) ഡൈവേഴ്സിഫൈഡ് കോഴ്സിന് കീഴിൽ പ്രിന്റിംഗ് ടെക്നോളജിയോടു കൂടിയ എസ്.എസ്.എൽ.സി– പാസ്സായിരിക്കണം. അല്ലെങ്കിൽ തത്തുല്യമായ യോഗ്യത

അല്ലെങ്കിൽ

(2) എസ്.എസ്.എൽ.സി കോഴ്സ് പൂർത്തിയാക്കിയിരിക്കണം

(എ) മെഷീൻ വർക്ക് പ്രിന്റിംഗ് (ലോവർ) കെ.ജി.റ്റി.ഇ അല്ലെങ്കിൽ എം.ജി.റ്റി.ഇ ജയിച്ചിരിക്കണം

അല്ലെങ്കിൽ

(ബി) ആഫ്റ്റർ കെയർ ഹോമിൽ നിന്നും ലഭിച്ച മെഷീൻ വർക്ക് (പ്രിന്റിംഗ്) സർട്ടിഫിക്കറ്റ്

4 ജാതി/സമുദായം (സംവരണാനുകൂല്യത്തിന്)

ജാതി സർട്ടിഫിക്കറ്റ് അസ്സലും പകർപ്പും (രണ്ട് കോപ്പികൾ) / നോൺക്രിമിലെയർ സർട്ടിഫിക്കറ്റ് അസ്സലും പകർപ്പും (ഒരു കോപ്പി) (G.O (P) No.46/2007/SC ST DD dtd 25/08/2007 പ്രകാരമുള്ളത്)

| | | |
|---|---|---|
| 5 | വിമുക്തഭടന്മാർ | ഡിസ്ചാർജ് സർട്ടിഫിക്കറ്റും പെൻഷൻ പേയ്മെന്റ് ഓർഡറും (അസ്സലും പകർപ്പും) |
| 6 | കായിക താരങ്ങൾ | സ്പോർട്ട്സ് കൗൺസിൽ സാക്ഷ്യപ്പെടുത്തിയ സർട്ടിഫിക്കറ്റ് (അസ്സലും പകർപ്പും) |

7 സർവ്വീസിലുള്ള ഉദ്യോഗാർത്ഥികൾ–

ബന്ധപ്പെട്ട വകുപ്പ് മേധാവിയിൽ നിന്നും ലഭിച്ച നോ ഒബ്ജക്ഷൻ സർട്ടിഫിക്കറ്റ് (രസീതി)

8 പേര്, ജനനത്തീയതി, ഒപ്പ്, ജാതി എന്നിവയിലുള്ള വ്യത്യാസം

പേര്, ജനനത്തീയതി, ഒപ്പ്, ജാതി എന്നിവയിൽ വ്യത്യാസം വരുത്തിയിട്ടുള്ള ഉദ്യോഗാർത്ഥികൾ ആയവ തെളിയിക്കുന്നതിനാവശ്യമായ ഗസറ്റ് വിജ്ഞാപനം (അസ്സലും പകർപ്പും)

9 വികലാംഗരായ ഉദ്യോഗാർത്ഥികൾ മെഡിക്കൽ ബോർഡിൽ നിന്നും നേടിയിട്ടുള്ള ഡിസെബിലിറ്റി സർട്ടിഫിക്കറ്റ് (അസ്സലും പകർപ്പും)

10 മറ്റേതെങ്കിലും അർഹത

മറ്റേതെങ്കിലും അർഹത ഉണ്ടെങ്കിൽ ആയവ തെളിയിക്കുന്നതിനുള്ള പ്രമാണം (അസ്സലും പകർപ്പും) മുകളിൽ പറയും പ്രകാരമുള്ള സർട്ടിഫിക്കറ്റുകളും രേഖകളും വെരിഫിക്കേഷൻ സമയത്തിനുശേഷം ഹാജരാക്കാൻ അവസരം നൽകുന്നതല്ല.

അസ്സൽ പ്രമാണങ്ങളുടെ പരിശോധന :- സ്ഥലം, തീയതി, സമയം എന്നിവ ചുവടെ ചേർക്കുന്നു.

| **സ്ഥലം** | **തീയതി** | **സമയം** |
|---|---|---|
| കെ.പി.എസ്.സി ഓഫീസ് പട്ടം, തിരുവനന്തപുരം | | രാവിലെ 8 മണി |

**(കമ്മീഷന്റെ ഉത്തരവിൻ പ്രകാരം)**

**ജില്ലാ ഓഫീസർ**
**കെ.പി.എസ്.സി. ജില്ലാ ഓഫീസ്**
**തിരുവനന്തപുരം**

**Approved for Issue**

**Section Officer**

***nk.c8***